**പൊതു സ്ഥലംമാറ്റം / അടിയന്തിരം**

നം. ബി 2/ 53846/2011/കോ. വി. വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി ; 14/12/2011
ഫോൺ ; 0471-2303107

# സർക്കുലർ

വിഷയം;- കോളേജ് വിദ്യാഭ്യാസ വകുപ്പ്- ഗവ. കോളേജുകൾ 2012-2013 അക്കാദമിക് വർഷത്തേയ്ക്കുള്ള അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം - അപേക്ഷകൾ ക്ഷണിക്കുന്നു.

സൂചന;-
1. 21/12/1994-ലെ നം. ജി.ഒ.(എം.എസ്) 27/1994/ഉ.വി.വ.
2. 14/08/1997-ലെ നം. ജി.ഒ. (എം.എസ്) 112/1997/ഉ.വി.വ.
3. 01/09/2004-ലെ നം.ജി.ഒ. (എം.എസ്) 114/2004/ഉ.വി.വ.
4. ജി.ഒ. (പി) നം. 21/2009/പി & എ.ആർ.ഡി., തിരുവനന്തപുരം തീയതി 30/12/2009

******

ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലെയും, ഗവ. ട്രെയിനിംഗ് കോളേജുകളിലെയും, മ്യൂസിക് കോളേജുകളിലെയും, ഗവൺമെന്റ് സംസ്കൃത കോളേജുകളിലെയും, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലെയും അദ്ധ്യാപകരിൽ നിന്നും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും , ഗവ. പോളിടെക്നിക് കോളേജുകളിലും , ഗവ. ലാ കോളേജുകളിലും ജോലി ചെയ്യുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരിൽ നിന്നും 2012-2013 അക്കാദമിക് വർഷത്തേയ്ക്കുള്ള പൊതു സ്ഥലംമാറ്റത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള അപേക്ഷകൾ പൂരിപ്പിച്ച് അതാത് സ്ഥാപന മേധാവിയുടെ ശുപാർശയോടുകൂടി **2012 ജനുവരി 31-നകം** ഈ ഓഫീസിൽ എത്തിച്ചിരിക്കേണ്ടതാണ്. നിർദ്ദിഷ്ട തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. അപേക്ഷകൾ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് പ്രത്യേകം ആമുഖ കത്തോടെ അയച്ചു തരേണ്ടതാണ്.
2. കോളേജിൽ എൻ.സി.സി. യൂണിറ്റുണ്ടെങ്കിൽ ആ വിവരവും എൻ.സി.സി. ഓഫീസറായി പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ വിവരവും (പേര്, തസ്തിക, ട്രെയിനിംഗ് പൂർത്തിയാക്കിയ തീയതി , എൻ.സി.സി. ഓഫീസറായി ചുമതല ഏറ്റെടുത്ത തീയതി മുതലായവ) ആമുഖ കത്തിൽ അറിയിച്ചിരിക്കേണ്ടതാണ്.
3. എഫ്.ഐ. പി . ഡെപ്യൂട്ടേഷൻ, ശൂന്യവേതനാവധി തുടങ്ങിയ രീതിയിൽ തുടരുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ അറിയിച്ചിരിക്കണം.
4. നിലവിൽ ഓരോ വിഷയത്തിലും അനുവദിക്കപ്പെട്ടിട്ടുള്ള ആകെ തസ്തികകൾ / യഥാർത്ഥത്തിലുള്ള വർക്ക് ലോഡ് പ്രകാരം ആവശ്യമായ തസ്തികകൾ / നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ (ഇപ്പോൾ ജോലി ചെയ്യുന്ന കോളേജിൽ എന്നു മുതൽ ജോലി നോക്കുന്നു) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എന്നിവ അറിയിക്കേണ്ടതാണ്.

5. 31/03/2012-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.
6. നിലവിൽ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്ത അദ്ധ്യാപകർ തെരഞ്ഞെടുക്കുന്ന ഹോം സ്റ്റേഷൻ, നേരത്തെ തെരഞ്ഞെടുത്ത ഹോം സ്റ്റേഷൻ മാറ്റാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകർ , പുതിയതായി തെരഞ്ഞെടുത്ത ഹോം സ്റ്റേഷൻ എന്നീ വിവരങ്ങൾ സ്ഥലം മാറ്റത്തിനുള്ള അപേക്ഷയോടൊപ്പം അയച്ചു തരേണ്ടതാണ്.
7. സ്ഥലംമാറ്റത്തിന് ഏതെങ്കിലും തരത്തിൽ പരിരക്ഷ ഉള്ള അദ്ധ്യാപകർ ആ വിവരം അപേക്ഷയിൽ നിർബന്ധമായും കാണിച്ചിരിക്കുകയും ആവശ്യമായ രേഖകൾ അയയ്ക്കുകയും ചെയ്തിരിക്കണം.
8. നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള അപേക്ഷ പൂരിപ്പിച്ച് **2012 ജനുവരി 31-നകം** കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. **2012 ജനുവരി 31-നു** ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകരുടെ താൽക്കാലിക ലിസ്റ്റ് **2012 ഫെബ്രുവരി മാസം 28-ന് മുമ്പ്** പ്രസിദ്ധീകരിക്കുന്നതാണ്. താൽക്കാലിക ലിസ്റ്റിന്മേൽ പരാതിയുള്ള പക്ഷം ആയത് വേണ്ട തെളിവുകളോടെ സമർപ്പിക്കണം. പരാതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്. സ്ഥലംമാറ്റം നൽകികോണ്ടുള്ള അന്തിമ ഉത്തരവ് 2012 മാർച്ച് 31-ന് മുമ്പ് പുറപ്പെടുവിക്കുന്നതാണ്.

(ഒപ്പ്)
കെ.അജയകുമാർ .ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്;-

1. എല്ലാ ഗവ. കോളേജ് പ്രിൻസിപ്പൽമാർക്കും / മ്യൂസിക് കോളേജ് / ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽമാർക്കും
2. എല്ലാ ഗവ. എഞ്ചിനീയറിംഗ് കോളേജ്/ ലാ കോളേജ്/ മെഡിക്കൽ കോളേജ്/ ആയുർവ്വേദ കോളേജ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ഗവ. പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്കും
4. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
5. സൂപ്രണ്ട്- എ /ബി സെക്ഷനുകൾ
6. എ /ബി സെക്ഷനിലുള്ള എല്ലാ ക്ലാർക്കുമാർക്കും
7. കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.പി.കെ.14/12/2011

## കോളേജ് വിദ്യാഭ്യാസ വകുപ്പ്

## പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ -2012

1. അപേക്ഷകന്റെ പേര് :

2. ഔദ്യോഗിക മേൽ വിലാസം :

3. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ (മുൻഗണനാ ക്രമത്തിൽ)
   1) :
   2) :
   3) :
4. ഹോം സ്റ്റേഷൻ :

5. മുമ്പ് തെരഞ്ഞെടുത്തിരുന്ന ഹോം സ്റ്റേഷനും വിശദ വിവരവും :

6. സ്ഥലംമാറ്റത്തിനുള്ള കാരണം :

7. (എ) ജനന തീയതി :
   (ബി) പെൻഷൻ തീയതി :
   (സി) സർവ്വീസിൽ പ്രവേശിച്ച തീയതി :
8. മുമ്പ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളും ജോലി ചെയ്തിരുന്ന കാലവും;-

| സ്ഥാപനത്തിന്റെ പേര് | പ്രവേശന തീയതി | റിലീവ് ചെയ്ത തീയതി | ഔട്ട് സ്റ്റേഷൻ സർവ്വീസ് |
|---|---|---|---|
| | | | |

9. സ്ഥലംമാറ്റത്തിനുള്ള മുൻഗണന അർഹിക്കുന്ന വിഭാഗക്കാരനാണോ : അതെ അല്ല

10. അതെ എങ്കിൽ വിശദ വിവരം :

11. സ്ഥലംമാറ്റത്തിൽ നിന്നും പരിരക്ഷ ലഭിക്കുന്ന വിഭാഗക്കാരനാണെങ്കിൽ : അതെ അല്ല

12. അതെ എങ്കിൽ വിശദ വിവരം :

13. എൻ.സി . സി . ഓഫീസറായി പ്രവർത്തിക്കുകയാണൊ : അതെ അല്ല

## സത്യപ്രസ്താവന

ഞാൻ .................................................................................................................. മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ പേരും ഒപ്പും

സ്ഥലം :
തീയതി :

സ്ഥാപനമേലധികാരിയുടെ ശുപാർശ

സ്ഥലം :
തീയതി :

(ഒപ്പ്)

## ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കുന്നതിന്/ മാറ്റത്തിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | : |
| 2. | ഔദ്യോഗിക മേൽ വിലാസം | : |
| 3. | മിശ്രവിവാഹിതർ / പട്ടിക ജാതി / പട്ടിക വർഗ്ഗം / വികലാംഗർ / സ്വാതന്ത്ര്യ സമര സേനാനികളുടേയും ജവാൻമാരുടേയും ആശ്രിതർ എന്നീ വിഭാഗത്തിൽപ്പെടുന്നണ്ടോ എങ്കിൽ വിശദ വിവരം | : |
| 4. | തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന ഹോം സ്റ്റേഷൻ | : |
| 5. | ഹോം സ്റ്റേഷൻ പുതുതായി തെരഞ്ഞെടുക്കുന്നതാണോ ? | : |
| 6. | അല്ല എങ്കിൽ വിശദ വിവരം / നിലവിൽ തെരഞ്ഞെടുത്തിട്ടുള്ള ഹോം സ്റ്റേഷൻ | : |

## സത്യപ്രസ്താവന

ഞാൻ ........................................................................................................ മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ പേര്:

ഒപ്പ്

സ്ഥലം :

തീയതി :

## സ്ഥാപനമേലധികാരിയുടെ അഭിപ്രായവും ശുപാർശയും

മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ ലഭ്യമായ രേഖകൾ പരിശോധിച്ച് ശരിയാണെന്ന് കാണുന്നു.

മേലധികാരിയുടെ പേര്, ഒപ്പ് :

ഔദ്യോഗിക മേൽ വിലാസം :

സ്ഥലം :

തീയതി :

(ഓഫീസ് സീൽ)